"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ്- കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ പുതുതായി അംഗത്വമെടുക്കുന്നവർക്ക് കുടിശ്ശിക ഒഴിവാക്കി അംഗത്വം നൽകുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.449/2023/Co-Op തീയതി,തിരുവനന്തപുരം, 01-08-2023

---

പരാമർശം:-

1. സ.ഉ(സാധാ) നം.787/2022/സഹ തീയതി 02.12.2022.
2. സഹകരണ സംഘം രജിസ്ട്രാറുടെ 15.07.2023-ലെ RCS/6253/2023-EM(5) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ പുതുതായി അംഗത്വമെടുക്കുന്നവർക്ക് കുടിശ്ശിക ഒഴിവാക്കി അംഗത്വം നേടുന്നതിന് 6 മാസത്തേക്ക് സമയപരിധി നിശ്ചയിക്കുന്നതിനും ഇപ്രകാരം അംഗത്വം സ്വീകരിക്കുന്ന ജീവനക്കാർക്ക് അംഗത്വം ലഭിച്ച് 6 മാസം കഴിയുന്ന മുറയ്ക്ക് മാത്രമേ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥയും ഉൾപ്പെടുത്തി നിലവിലുള്ള ബോർഡ് ചട്ടങ്ങളിൽ ആവശ്യമായ ഇളവ് അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം കൂടുതൽ ജീവനക്കാരെ ക്ഷേമ ബോർഡിൽ അംഗങ്ങളാക്കുന്നതിന് കുടിശ്ശിക ഒഴിവാക്കിക്കൊണ്ടുള്ള അംഗത്വ പദ്ധതിയുടെ സമയപരിധി 6 മാസത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്ന ബോർഡ് ഭരണസമിതി തീരുമാനം സഹകരണ സംഘം രജിസ്ട്രാർ പരാമർശം(2) പ്രകാരം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ പുതുതായി അംഗത്വമെടുക്കുന്നവർക്ക് കുടിശ്ശിക ഇല്ലാതെ അംഗത്വം എടുക്കുന്നതിനുള്ള പദ്ധതിയുടെ കാലാവധി 02.06.2023 മുതൽ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHIBI ABRAHAM
ജോയിന്റ് സെക്രട്ടറി

പകർപ്പ് :

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്,തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ